(സി) ഡോക്ടർമാരുടെ ഇത്തരം നിരന്തരസമരങ്ങൾ ഒഴിവാക്കുവാനും, രോഗികൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ ഇല്ലാതാക്കുവാനും എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

ഹൗസ് സർജൻസി ഡോക്ടർമാരുടെ സ്റ്റൈപ്പന്റ്

66 (515) ശ്രീ. കെ. രാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹൗസ് സർജൻസി ഡോക്ടർമാരുടെ സ്റ്റൈപ്പന്റ് ഉയർത്തുവാൻ അടിയന്തരമായി നടപടി സ്വീകരിക്കുമോ ;

(ബി) ഇവരുടെ ഹോസ്റ്റൽ മെയിന്റനൻസ് തുടങ്ങിയവ മെച്ചപ്പെടുത്താൻ സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ; വ്യക്തമാക്കുമോ ?

ഉത്തരം

(എ) പരിശോധിച്ച് യുക്തമായ നടപടി സ്വീകരിക്കുന്നതാണ്.

(ബി) ഇവരുടെ ഹോസ്റ്റൽ മെയിന്റനൻസിനും കൂടുതൽ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും ആവശ്യമായതുക ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

കുന്ദമംഗലം നിയോജകമണ്ഡലത്തിൽ ചികിത്സാ ധനസഹായം ലഭിച്ചവർ

67 (516) ശ്രീ. യു. സി. രാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവണ്മെന്റ് അധികാരത്തിൽ വന്നശേഷം കുന്ദമംഗലം നിയോജകമണ്ഡലത്തിൽ ആരോഗ്യ വകുപ്പിലെ ചികിത്സാധനസഹായ സൊസൈറ്റിയിൽ നിന്ന് എത്രപേർക്ക് സഹായം ലഭ്യമാക്കി ;

(ബി) ഇവരുടെ പേരും നൽകിയ തുകയും പട്ടിക തിരിച്ച് നൽകുമോ ?

ഉത്തരം

(എ) നിയോജകമണ്ഡലം തിരിച്ചുള്ള കണക്കുകൾ ലഭ്യമല്ല. കോഴിക്കോട് ജില്ലയിൽനിന്നും 27-1-2011 വരെ 762 രോഗികൾക്ക് ആകെ 98,21,790 രൂപ വീതരണം നടത്തി.

(ബി) ധനസഹായം അനുവദിച്ചുകൊണ്ടുള്ള ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly